



## രാഷ്ട്രീയമില്ലാത്ത കേരളീയം

ഞാൻ കേരളീയത്തിന്റെ പുതിയ വരിക്കാരനാണ്. മറ്റു മുഖ്യധാര പത്രങ്ങളിൽ വരാത്ത പല വാർത്തകളും കേരളീയത്തിൽ കാണുന്നുണ്ട് എന്നതിൽ സന്തോഷം.

പക്ഷെ കേരളീയം രാഷ്ട്രീയം പാടെ ഒഴിവാക്കിയിരിക്കുകയാണെന്ന് തോന്നുന്നു. തിരഞ്ഞെടുപ്പിന്റെ ഈ കോലാഹലങ്ങൾക്കിടയിലും കേരളീയം രാഷ്ട്രീയം പാടെ ഒഴിവാക്കിയത് എന്തിനാണെന്ന് മനസിലാകുന്നില്ല. തിരഞ്ഞെടുപ്പ് സംബന്ധിച്ചു എഡിറ്റോറിയലും, കാർട്ടൂണും ശ്രദ്ധയിൽപെട്ടു. എന്നിരുന്നാലും വാർത്തകളിൽ നിന്ന് തിരഞ്ഞെടുപ്പിനേയും രാഷ്ട്രീയത്തിനേയും പൂർണമായും ഒഴിവാക്കിയത് ശരിയായില്ല.

മറ്റ് പത്രങ്ങൾ എല്ലാവരും തെരഞ്ഞെടുപ്പിനെ ആഘോഷമാക്കിയെടുത്തപ്പോൾ ഒരു വ്യത്യസ്ഥതയ്ക്കുവേണ്ടിയാകാം കേരളീയം തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചത്. എന്തായാലും ഈ നയം പുനർപരിശോധിക്കേണ്ടിയിരിക്കുന്നു.

എം.എച്ച് നാസർ
മുക്കം.

## ഈ ചാർജു വർധന അന്യായം

തൃശൂർ നഗരത്തിലെ സിനിമാ തിയറ്ററുകളിലെ ടിക്കറ്റ് ചാർജ് വീണ്ടും വർധിപ്പിച്ചിരിക്കുകയാണ്. തിയറ്റർ ഉടമകളുടെ ആജ്ഞാനുവർത്തികളായ മുനിസിപ്പൽ കൗൺസിലർമാർ ചേർന്നെടുത്ത ഈ തീരുമാനത്തിന് കാരണമായി പറഞ്ഞതാകട്ടെ കെ.എസ്.എഫ്.ഡി.സി. തൃശൂരിൽ സ്ഥാപിച്ചിരിക്കുന്ന ഇരട്ട തിയേറ്ററുകളായ കൈരളിയിലേയും, ശ്രീയിലേയും ടിക്കറ്റ് നിരക്ക് ഉയർന്നതാണെന്നതും.

തങ്ങളുടെ ലാഭനഷ്ടങ്ങളല്ല മറ്റുള്ളവരുടെ ലാഭമാണ് നിരക്കുവർധനവിനുള്ള കാരണമായി ഇവർ ചൂണ്ടിക്കാണിക്കുന്നതെങ്കിൽ അതിനു മുമ്പായി വേണ്ടത് കാണികൾക്ക് ആവശ്യസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയാണ്. മൂക്കുപൊത്തിപ്പിടിച്ചുകൊണ്ടു മാത്രം കടക്കാവുന്ന ടോയ്‌ലറ്റുകളും മൂട്ടകളുടെ ഇഷ്ടതാവളങ്ങളായ ഇരിപ്പിടങ്ങളും ആദ്യം ശരിയാക്കുക എന്നിട്ടാവട്ടെ നിരക്കു വർദ്ധനവ്.

ടി.ബി. രാമകൃഷ്ണൻ
ഒല്ലൂർ, തൃശൂർ

## സ്വാശ്രയ കോളെജിലെ പണംപിടുങ്ങൽ

വടകരയിൽ ഈ വർഷം തുടങ്ങുന്ന സഹകരണ-സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സിലേക്ക് അധ്യാപകരെ ആവശ്യമുണ്ടെന്ന പരസ്യം ഇന്ത്യൻ എക്സ്പ്രസ് ദിനപത്രത്തിൽ കണ്ടതനുസരിച്ച് 119 രൂപ അയച്ച് ഞാനൊരു അപേക്ഷാഫോറം വരുത്തി. അപ്പോൾ അയച്ചുതന്ന വിവരണത്തിൽ പറയുന്നു ഓരോ ബ്രാഞ്ചിലും ഓരോ വേക്കൻസിയാണ് ഉള്ളതെന്നും അപേക്ഷഫീസായി വീണ്ടും 200രൂപ അടയ്ക്കണമെന്നും. ഈ കാര്യം പത്രപരസ്യത്തിൽ കാണിച്ചിരുന്നില്ല. അത് കണ്ടിരുന്നെങ്കിൽ ഇതിന് അപേക്ഷിക്കാനും പോകില്ലായിരുന്നു. എനിക്കു മാത്രമല്ല എന്റെ പരിചയത്തിൽ പെട്ട പലർക്കും അക്കിടിപറ്റി.


'സ്വാശ്രയം' എന്ന ഓമനപ്പേരിട്ട് ആരംഭിക്കാൻ പോകുന്ന സ്ഥാപനങ്ങളിൽ വിദ്യാർഥികൾ എത്രമാത്രം പിഴിയപ്പെടും എന്നതിന്റെ സൂചന ഈ 'അപേക്ഷാഫീസ് അമുക്കൽ പദ്ധതി'യിൽ തന്നെയുണ്ട്.

ഒരു തൊഴിൽ നേടുകയെന്ന പ്രതീക്ഷയുമായി അപേക്ഷകളയക്കുന്ന ദശലക്ഷക്കണക്കിന് കേരളീയ യുവതീയുവാക്കളെ ഇത്രയും ക്രൂരമായി പിഴിയാനൊരുങ്ങുന്നത് ശരിയോ?

കെ.സി.സിന്ധു
'സുധർമ', മാങ്കാവ്,
കോഴിക്കോട്-7

## പുകവലി ഷാപ്പുകൾ സ്ഥാപിക്കണം

ജീവിതത്തിൽ ഒരിക്കലും പുകവലിച്ചിട്ടില്ലാത്ത ഒരാളാണ് ഞാൻ. പുകവലിക്കാരെ അങ്ങേയറ്റം വെറുക്കുന്നു. 'പുക വലിച്ച് ശല്യപ്പെടുത്തരുത്- പുകവലിക്കാർ സാമൂഹ്യദ്രോഹികളാണ്' എന്ന ബോർഡ് 1983 മുതൽ എന്റെ വീട്ടിൽ ഞാൻ തൂക്കിയിട്ടുമുണ്ട്. പക്ഷെ കേരള ഹൈക്കോടതിയുടെ പുകവലി നിരോധനത്തെ അംഗീകരിക്കാൻ എനിക്ക് കഴിയില്ല. ഉല്പാദനവും വിപണനവും നിരോധിക്കാതിരിക്കെ ഉപയോഗം മാത്രം, അതും പൊതുസ്ഥലങ്ങളിൽ മാത്രം നിരോധിക്കുന്നത് തീർത്തും അപഹാസ്യമാണ്. അതായത് വീട്ടിൽ ആവാമെന്ന്. പുകവലിക്കാത്ത ഭാര്യയേയും മക്കളേയും അമ്മയേയുമൊന്നും അംഗീകരിക്കുന്നില്ലെന്ന് സാരം. അവർ പുകവലിയുടെ എല്ലാ ഭവിഷ്യത്തും സഹിച്ചുകൊള്ളണമെന്നാണോ? എങ്കിൽ ചാരായഷാപ്പുകളും കള്ളുഷാപ്പുകളും വിദേശമദ്യഷാപ്പുകളും അനുവദിക്കുന്നതുപോലെ പുകവലിക്കാർക്കായി പുകവലി ഷാപ്പുകളും അനുവദിക്കുകയാണ് വേണ്ടത്. ലൈസൻസുള്ള പുകഷാപ്പുകളിൽ ഇരുന്ന് കൊണ്ട് പുകവലിക്കാർ ആവോളം പുകവലിക്കട്ടെ. ഈ ആവശ്യത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിന് വേണ്ടി ഓഗസ്റ്റ് 2ന് വൈകീട്ട് കൊടുങ്ങല്ലൂരിൽ ഞാനും എന്റെ സുഹൃത്ത് തിലകനും മാത്രം പങ്കെടുത്ത രണ്ടാൾ പ്രകടനം നടന്നിരുന്നു -അതിന് കഴിയുന്നത്ര കവറേജ് പത്രങ്ങൾ തന്നിരുന്നു.



ഞങ്ങൾ ഭാവനയിൽ കാണുന്ന പുകവലി ഷാപ്പുകൾ ചിമ്മിനി വാർത്ത ഒരു കെട്ടിടമാണ്. ബീഡി തൊഴിലാളികൾക്കോ മറ്റോ തൊഴിൽ സ്തംഭിക്കാതെയും പരിസരദൂഷണം ഇല്ലാതെയും ഈ പുകവലിഷാപ്പുകളിലൂടെ പുകവലി നിരോധനം ഏർപ്പെടുത്താൻ കഴിയും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

പിന്നെ പൊതുസ്ഥലങ്ങളിൽ വെച്ച് പുകവലിക്കുന്നവരെ പിഴയിടിക്കുകയോ ചാട്ടയ്ക്കടിക്കുകയോ ചെയ്യാം. എന്തുതന്നെ ആയാലും പുകവലിക്കുന്ന (പൊതുസ്ഥലങ്ങളിൽ വച്ചോ മറ്റുള്ളവർക്ക് ശല്യമാകുന്ന വിധത്തിലോ) സാംസ്കാരിക പ്രവർത്തകരോട് യാതൊരു സന്ധിക്കും ഞങ്ങൾ തയ്യാറില്ല. അവർ വ്യത്തികെട്ടവരാണ്. നാടിനപമാനമാണ്. അവർ മയക്കുമരുന്നിന്റെ, കഞ്ചാവിന്റെ പ്രൈമറി വിദ്യാർഥികളാണ്. ഇവരാണ് നമ്മുടെ സാംസ്കാരിക രംഗം ഇത്രക്കും മലീമസമാക്കിയത്.

**കരീം കെ.പുരം,**
**പുത്തൻചിറ**

## പ്ലാസ്റ്റിക് ദേശസ്നേഹം

ദേശസ്നേഹമെന്നത് ഇപ്പോൾ പ്ലാസ്റ്റിക്കിലാണ് പ്രത്യക്ഷപ്പെടുന്നത്. റിപ്പബ്ലിക് ദിനവും സ്വാതന്ത്ര്യദിനവുമൊക്കെ കൊണ്ടാടുന്നതാകട്ടെ പ്ലാസ്റ്റിക് ദേശീയപതാകകളിലും. ദേശീയപതാക കൈകാര്യം ചെയ്യുന്നതിന് ചില അംഗീകൃത നിയമങ്ങളൊക്കെ ഉണ്ടെന്നിരിക്കെ അനുപാതവും കളറുമൊന്നും കണക്കിലെടുക്കാതെ ചവറുപോലെ അടിച്ചിറങ്ങുന്ന പതാകകളും കൊക്കക്കോളയും പെപ്സിയുമൊക്കെ സ്പോൺസർ ചെയ്യുന്ന ദേശീയതയും ദേശീയാഘോഷങ്ങളും ഇന്ത്യയെ വിഴുങ്ങുകയാണ്, ഒപ്പം പ്ലാസ്റ്റിക്കും.

സ്വാതന്ത്ര്യദിനത്തിനുശേഷം ഇന്ത്യ വീണ്ടും പ്ലാസ്റ്റിക് പുതപ്പണിയുകയാണ്. അടുത്തെത്തി കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പു രംഗവും കൈയടക്കിയിരിക്കുന്നത് പ്ലാസ്റ്റിക് തന്നെ. ന്യൂസ്പേപ്പറിൽ എഴുതിയ പരസ്യങ്ങളും കീറച്ചാക്കിൽ കുമ്മായം തേച്ച് എഴുതിയിരുന്ന ബാനറുകളുമൊക്കെയായിരുന്ന പഴയ തെരഞ്ഞെടുപ്പുകളിൽനിന്ന് ഇന്ത്യ ഏറെ 'മുന്നോട്ടുപോയിരിക്കുന്നു'?. പ്ലാസ്റ്റിക് കൊടികളും തോരണങ്ങളും ബാനറുകളും എന്തിന് പോസ്റ്ററുകൾ കൂടി ഇന്ന് പ്ലാസ്റ്റിക് സ്റ്റിക്കറുകൾക്ക് വഴിമാറുന്നുണ്ട്.

പ്ലാസ്റ്റിക് എന്ന വിഷത്തിന് തടയിടേണ്ടവരായ ജനപ്രതിനിധികളെ കണ്ടെത്തുന്ന ഈ തെരഞ്ഞെടുപ്പു തന്നെ പ്ലാസ്റ്റിക് മയമാകുമ്പോൾ. രംഗത്തുവരേണ്ടത് ജനങ്ങൾ തന്നെയാണ്. പ്രചരണ രംഗത്തുനിന്ന് പ്ലാസ്റ്റിക് പരിപൂർണമായി ഒഴിവാക്കുന്നവർക്കാകട്ടെ ഇത്തവണത്തെ വോട്ട്.

-വിവേകാനന്ദൻ, ഇടുക്കി.

## തിരുത്ത്

ലക്കം 9-ൽ സിഗരറ്റ് കമ്പനികളുടെ കുതന്ത്രങ്ങൾ എന്ന അഡ്വ. ആർ. സജുവിന്റെ ലേഖനത്തിൽ ലോകത്തിലെ പകുതിയിലധികം രാജ്യങ്ങളിലും പുകവലി നിരോധിച്ചുകൊണ്ട് വ്യക്തമായ നിയമം പാസാക്കിയിട്ടുണ്ട് എന്നത് ലോകത്തിലെ പകുതിയിലധികം രാജ്യങ്ങളിലും പൊതുസ്ഥലത്ത് പുകവലി നിരോധിച്ചിട്ടുണ്ട് എന്നു മാറ്റിവായിക്കുക.

-പത്രാധിപർ.